## 12
## ചേർത്ത് ഓതേണ്ട ഹംസ

ഒരു പദത്തിൻെറ തുടക്കത്തിൽ വരുമ്പോൾ ഉച്ചരിക്കുന്നതും മുൻപിലെ പദവുമായി ചേർന്നു വായിക്കുമ്പോൾ ഉച്ചരിക്കാത്തതുമായ ഹംസക്ക് (ا) ഹംസത്തുൽ വസ്‌ല് എന്നു പറയുന്നു. ഉദാഹരണം- وَانْظُرْنَا، وَاسْمَعْ ، انْشَقَّتْ ، اسْتَغْفِرُوا വൻളുർനാ, വസ്മഅ്, എന്നിങ്ങനെയാണ് അവയുടെ പാരായണം.

ഈ ഹംസക്ക് ഉച്ചാരണം നല്കി പാരായണം ചെയ്യരുത്. അതേയവസരം ഹംസ കൊണ്ട് തുടങ്ങുന്ന അക്ഷരങ്ങളിൽ മാത്രമാണ് അവയ്ക്ക് ഉച്ചാരണം നല്കേണ്ടത്. ഉദാഹരണം- اَلْيَوْم/ إِذْهَبْ / إِهْدِنَا/ اَلْحُرُّ അൽയൗം, ഇദ്ഹബ് എന്നിവ.